"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ്-പ്രളയവും ഉരുൾപൊട്ടലും 2019 - വിവിധ വകുപ്പുകൾക്ക് ചെലവായ തുക അനുവദിച്ചു നൽകുന്നത് സംബന്ധിച്ച് വകുപ്പുകൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ- സമഗ്ര ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.587/2019/DMD തീയതി 05/09/2019,തിരുവനന്തപുരം

പരാമർശം:- 1 09.05.2019 തീയതിയിലെ സ.ഉ.(സാധാ) നം.280/2019/ഡി.എം.ഡി ഉത്തരവ്

2 20.05.2015 തീയതിയിലെ സ.ഉ (കൈ)നം.194/2015/ഡി.എം.ഡി ഉത്തരവ്

ഉത്തരവ്

പരാമർശം 1 ഉത്തരവ് പ്രകാരം സർക്കാർ കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നു. ഈ മാർഗരേഖ പ്രകാരം വിവിധ വകുപ്പുകൾക്ക് ദുരന്ത പ്രതികരണ സമയത്ത് ചുമതലകൾ നിർണയിച്ച് നല്കിയിരുന്നു. പരാമർശം 2 ഉത്തരവിൽ, സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് വിവിധ ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ദുരന്ത നിവാരണ നിയമം, 2005, സെക്ഷൻ 66 അനുസരിച്ച് സംസ്ഥാന/ജില്ലാ അതോറിറ്റികൾ ദുരന്ത പ്രതികരണം, ദുരിതാശ്വാസം എന്നീ പ്രവർത്തികൾക്ക് ഉപയോഗിക്കുന്നതിന് ആവശ്യപ്പെടുന്ന വിഭവങ്ങൾക്ക് (വാഹനങ്ങൾ, കെട്ടിടങ്ങൾ, ഉപകരണങ്ങൾ എന്നിവയ്ക്ക്) പ്രതിഫലം നല്കുവാൻ വ്യവസ്ഥയുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം https://sdma.kerala.gov.in/wp-content/uploads/2018/12/SDRF-NDRF-Norms-2015-20.pdf വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സംസ്ഥാനം നേരിടുന്ന രൂക്ഷമായ കാലവർഷ-തുലാവർഷ പ്രകൃതിക്ഷോഭങ്ങളിൽ (വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, പാറ വീഴ്ച, പാറ നിരങ്ങൽ, ഉരുൾപൊട്ടൽ, ഇടിമിന്നൽ, ശക്തമായ കാറ്റ്, കുഴലീകൃത മണ്ണൊലിപ്പ് (soil pipping), തീരശോഷണം എന്നീ അംഗീകൃത ദുരന്തങ്ങളിൽ) പ്രളയ ബാധിതം/ഉരുൾപൊട്ടൽ ബാധിതം എന്ന് സർക്കാർ വിജ്ഞാപനം ചെയ്ത വില്ലേജുകളിൽ ദുരിതാശ്വാസം, തിരച്ചിൽ, ഒഴിപ്പിക്കൽ, ക്യാമ്പ് നടത്തൽ, എന്നിവയ്ക്ക് വിവിധ വകുപ്പുകൾക്ക് വരുന്ന ചെലവുകൾ വഹിക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുവാൻ ഇതിനാൽ ഉത്തരവാകുന്നു.

1. ഗതാഗത വകുപ്പ്

പരാമർശം 1 ഉത്തരവ് (Orange Book of Disaster Management published by

Endt No- DB4/11807/2019/CE/LSGD, Dt- 25-10-19

All officers are directed to submit the details called-for in Serial No. 5 of this order. The details may be submitted in pro-forma MC-19-004 published in "proforma" page of www.celsgd.kerala.gov.in The details may be submited before 26-10-2019.

CHIEF ENGINEER

Kerala State Disaster Management Authority) സെക്ഷൻ 7.1.27 പ്രകാരം ഗതാഗത വകുപ്പാണ് മേൽ പ്രവർത്തികൾക്കായി വാഹനങ്ങൾ ലഭ്യമാക്കുവാൻ ചുമതലയുള്ള വകുപ്പ്. സംസ്ഥാന/ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങൾ (ഇ.ഓ.സി) ദുരന്ത നിവാരണ നിയമം 2005, സെക്ഷൻ 65 (1) പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് വിവിധ സ്ഥലങ്ങളിലേക്ക് ഗതാഗത വകുപ്പ് സ്വകാര്യ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ലഭ്യമാക്കുന്ന വാഹനങ്ങൾക്ക് ദുരന്ത നിവാരണ നിയമം, 2005, സെക്ഷൻ 66 അനുസരിച്ച് പ്രതിഫലം (Compensation) നല്കുവാൻ വ്യവസ്ഥ ഉണ്ട്.

മേൽപ്രവർത്തികൾക്ക് ലഭ്യമാക്കുന്ന വാഹനങ്ങളുടെ ഉടമകൾക്ക് പ്രതിഫലം (Compensation) ലഭിക്കുന്നതിന് അവർക്ക് തൽപര്യം ഉണ്ടെങ്കിൽ ദുരന്ത നിവാരണ നിയമം 2005, സെക്ഷൻ 66 (1) പ്രകാരം അവരുടെ തൽപര്യം, തുക സഹിതം എഴുതി വാങ്ങേണ്ടതാണ്. ഇത്തരത്തിൽ ക്രോഡീകരിക്കുന്ന അപേക്ഷയിൻമേൽ, ദുരന്ത നിവാരണ നിയമം, 2005, സെക്ഷൻ 66 (2) പ്രകാരം ഉടമകളുമായി ഗതാഗത കമ്മീഷണറോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന വകുപ്പിലെ ഉദ്യോഗസ്ഥനോ ചർച്ച നടത്തി ഉചിതമായ പ്രതിഫലം (Compensation) ഓരോ വാഹനത്തിനും നിർണയിക്കണം.

പ്രതിഫലം (Compensation) നിർണയിക്കുമ്പോൾ പ്രദേശികമായി ഇത്തരം വാഹനങ്ങളുടെ പൊതുവിൽ ഉള്ള വാടക എന്താണ് എന്നത് കൂടി പരിഗണിക്കേണ്ടതാണ്. ചില വാഹനങ്ങൾക്ക് വാഹനം ഏറ്റെടുത്ത ജില്ലയിൽ നിന്നും ബാറ്റ, ഇന്ധനം എന്നിവ നൽകിയിട്ടുണ്ടെങ്കിൽ ഇത്തരത്തിൽ നൽകിയ തുക കൂടി പ്രതിഫലം (Compensation) നിർണയിക്കുമ്പോൾ പരിഗണിക്കണം.

ഇത്തരത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച സ്വകാര്യ വാഹനങ്ങളുടെ പട്ടിക, ജില്ല തിരിച്ച് , ചുവടെ ചേർക്കുന്ന വിധം തയ്യാറാക്കി, ഗതാഗത കമ്മീഷണർ, ഗതാഗത വകുപ്പ് സെക്രട്ടറി മുഖാന്തരം, വ്യക്തമായ ശിപാർശയോടെ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയ്ക്കു സമർപ്പിക്കുക.

| Sl. No | വാഹന രജിസ്ട്രേഷൻ നമ്പർ | വാഹനം ലഭ്യമായ തീയതി | വാഹനം ഉപയോഗിച്ച കാലയളവ് | വാഹനം ഏറ്റെടുത്ത ജില്ല, സ്ഥലം | വാഹനം ഉപയോഗിച്ച ജില്ല, സ്ഥലം | ഉടമയുടെ പേര്, അഡ്രസ്സ് | ഉടമയുടെ ബാങ്ക് അക്കൗണ്ട് നമ്പർ & IFSC code | ഉടമയുടെ ആധാർ നമ്പർ | വാഹനം ഏറ്റെടുത്ത് അയച്ച ഉദ്യോഗസ്ഥൻ | പ്രതിഫലമായി ഗതാഗത വകുപ്പ് അംഗീകരിച്ച് ശിപാർശ ചെയ്യുന്ന തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |

ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കാലയളവിലേക്ക് (ഏറ്റെടുത്ത ദിവസം മുതൽ വിട്ടുതൽ ചെയ്ത ദിവസം വരെ) ഉപയോഗിച്ചതിനുള്ള പ്രതിഫലം മാത്രമാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തുന്ന വാഹനങ്ങൾ ഓരോന്നിനും ശിപാർശ ചെയ്യുന്നത് എന്ന് ഗതാഗത ഉറപ്പ് വരുത്തേണ്ടതാണ്.

ഇത്തരത്തിൽ ലഭിക്കുന്ന പട്ടിക പ്രകാരം ശിപാർശ ചെയ്യുന്ന തുക സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ (SEC) തീരുമാനത്തിന് വിധേയമായി ഗതാഗത വകുപ്പിന് ലഭ്യമാക്കും. ഗതാഗത വകുപ്പ് സംസ്ഥാന തലത്തിൽ നിന്നും

ഓരോ വാഹനത്തിന്റെയും ഉടമയ്ക്കുള്ള തുക Direct Benefit Transfer ആയി അനുവദിച്ച് നൽകേണ്ടതാണ്.

ഏതെങ്കിലും സ്വകാര്യ വാഹനത്തിന് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന അവസരത്തിൽ തകരാർ സംഭവിച്ചിട്ടുണ്ടെങ്കിൽ, അത്തരം വാഹനങ്ങൾ നന്നാക്കി നൽകുന്നതിന് ഓരോ വാഹനത്തിനും പ്രത്യേക ശിപാർശ, ഗതാഗത വകുപ്പ് അംഗീകരിച്ച ബിൽ സഹിതം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കേണ്ടതാണ്. ഇവ പ്രത്യേകം പരിശോധിച്ച് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ (SEC) തീരുമാനത്തിന് വിധേയമായി ഗതാഗത വകുപ്പിന് ലഭ്യമാക്കും. ഗതാഗത വകുപ്പ് സംസ്ഥാന തലത്തിൽ നിന്നും ഓരോ വാഹനത്തിന്റെയും ഉടമയ്ക്കുള്ള തുക Direct Benefit Transfer ആയി അനുവദിച്ച് നൽകേണ്ടതാണ്.

ഗതാഗത വകുപ്പ് നിർണയിക്കുന്ന പ്രതിഫലത്തിൽ തർക്കം ഉള്ള വാഹന ഉടമകൾക്ക് വാഹനം ഏറ്റെടുത്ത ജില്ലയിലെ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ (അതാത് ജില്ലാ കളക്ടറേറ്റിൽ) തുക ലഭിച്ച് 30 ദിവസത്തിനുള്ളിൽ അപ്പീലുമായി സമീപിക്കാം.

2. ലാൻഡ് റവന്യൂ

ദുരന്ത പ്രതികരണം, ദുരിതാശ്വാസം എന്നിവയ്ക്കായി ലഭ്യമാക്കിയ പ്രാദേശിക സംവിധാനങ്ങൾക്ക് ചെലവായ തുക അടിയന്തിരമായി ലഭ്യമാക്കണം.

<u>പ്രാദേശിക സംവിധാനങ്ങൾ</u>

- ക്യാമ്പുകൾ നടത്താനായി വാടകയ്ക്ക് എടുത്ത കെട്ടിടങ്ങൾ, വാങ്ങിയ Tarpaulin ('2245-02-112-99-വെള്ളപ്പൊക്കം - ജനങ്ങളെ ഒഴിപ്പിക്കൽ' എന്ന ശീർഷകത്തിൽ നിന്നും ഡി.ബി.റ്റി ആയി, വാടകയ്ക്ക് എടുത്ത കെട്ടിടത്തിന്റെ ഉടമയ്ക്ക്)

- ക്യാമ്പുകൾക്കായി പ്രാദേശികമായി സർക്കാർ ഏജൻസികളിൽ നിന്നല്ലാതെ വാങ്ങിയ പലചരക്കും, പച്ചക്കറികളും, മത്സ്യം, മാംസം, കുടിവെള്ളം ('2245-02-101-98-വെള്ളപ്പൊക്കം - ഭക്ഷണവും, വസ്ത്രവും' എന്ന ശീർഷകത്തിൽ നിന്നും ഡി.ബി.റ്റി ആയി, ഇവ ലഭ്യമാക്കിയ അതാത് കരാർകാരന്/കടക്കാരന്)

- ഗതാഗത വകുപ്പിലൂടെ അല്ലാതെ വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവർ അടിയന്തര സാഹചര്യത്തിൽ ലഭ്യമാക്കിയ വാഹനങ്ങൾ ('2245-02-112-99-വെള്ളപ്പൊക്കം - ജനങ്ങളെ ഒഴിപ്പിക്കൽ' എന്ന ശീർഷകത്തിൽ നിന്നും ഡി.ബി.റ്റി ആയി, വാഹന ഉടമയ്ക്ക്/കരാർകാരന്)

- ക്യാമ്പുകൾക്കായി വിറക്, ഗ്യാസ്, പാത്രങ്ങൾ, ഗ്ലാസ്സുകൾ, ജനറേറ്റർ, ലൈറ്റുകൾ, ശുചിത്വം ഉറപ്പാക്കുവാൻ ആവശ്യമായ ഉപകരണങ്ങൾ ('2245-02-101-98-വെള്ളപ്പൊക്കം - ഭക്ഷണവും, വസ്ത്രവും' എന്ന ശീർഷകത്തിൽ നിന്നും ഡി.ബി.റ്റി ആയി, ഇവ ലഭ്യമാക്കിയ അതാത് കരാർകാരന്/കടക്കാരന്)

- ലഭ്യമാക്കിയ ബോട്ടുകൾ, വള്ളങ്ങൾ ('2245-02-112-99-വെള്ളപ്പൊക്കം - ജനങ്ങളെ ഒഴിപ്പിക്കൽ' എന്ന ശീർഷകത്തിൽ നിന്നും ഡി.ബി.റ്റി ആയി, ബോട്ട് ഉടമയ്ക്ക്/കരാർകാരന്)

മേൽ പ്രാദേശിക സംവിധാനങ്ങൾ തദ്ദേശ സ്ഥാപനങ്ങളോ, റവന്യൂ ഉദ്യോഗസ്ഥരോ, മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരോ സ്വന്തം ചെലവിൽ ഒരുക്കിയിട്ടുണ്ടെങ്കിൽ ഇവ പ്രത്യേകമായി തഹസിൽദാർ, ബ്ലോക്ക് വികസന ഓഫീസർ എന്നിവർ സംയുക്തമായി പരിശോധിച്ച്, അതാത് തദ്ദേശ സ്ഥാപനത്തെയോ, ഉദ്യോഗസ്ഥനെയോ കേട്ടശേഷം, ചെലവായി എന്ന് ബോധ്യമാകുന്ന തുക അതാത് തദ്ദേശ സ്ഥാപനത്തിനോ, ഉദ്യോഗസ്ഥനോ നൽകുവാൻ രണ്ട് ഉദ്യോഗസ്ഥരുടെയും ചേർന്നുള്ള യോഗ മിനിറ്റ്സ് ആയി അംഗീകരിക്കുക. ഈ രണ്ട് അംഗ സമിതിയ്ക്ക് ബോധ്യപ്പെടുന്ന തുക അതാത് ശീർഷകത്തിൽ നിന്നും തഹസിൽദാർ തദ്ദേശ സ്ഥാപനത്തിനോ, ഉദ്യോഗസ്ഥനോ അപേക്ഷ ലഭിച്ച് രണ്ട് ആഴ്ചയ്ക്കകം അനുവദിച്ച് നൽകണം.

മേൽ സമിതി നിർണയിക്കുന്ന പ്രതിഫലത്തിൽ തർക്കം ഉള്ള തദ്ദേശ സ്ഥാപനം, ഉദ്യോഗസ്ഥർ എന്നിവർക്ക്, തുക ലഭിച്ച് 30 ദിവസത്തിനുള്ളിൽ , ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ (അതാത് ജില്ലാ കളക്ടറേറ്റിൽ) അപ്പീലുമായി സമീപിക്കാം.

ചില ജില്ലാ കളക്ടർമാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും , മറ്റ് ജില്ലയിലെ ജില്ലാ കളക്ടർമാരും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടത് പ്രകാരവും, KERALARESCUE.IN ൽ ലഭ്യമായ ജില്ലാ തല ആവശ്യകത പരിഗണിച്ചും അടിയന്തര ദുരിതാശ്വാസ സഹായമായി പലവിധ സാധനങ്ങൾ കയറ്റി അയച്ചിരുന്നു. ഈ ആവശ്യത്തിനായി ചെലവായ തുക കൃത്യമായി കണക്കാക്കി (തദ്ദേശ സ്ഥാപനത്തിന് ചെലവായ തുക സ്ഥാപന സെക്രട്ടറി സർട്ടിഫൈ ചെയ്ത് നൽകണം) ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്ന് ബോധ്യപ്പെട്ട് അംഗീകരിച്ച ശേഷം '2245-02-101-94-വെള്ളപ്പൊക്കം - പലവക ചെലവുകൾ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ജില്ലാ തലത്തിലെ തീരുമാനം പ്രകാരം ജില്ലയിലെ അടിയന്തര ആവശ്യത്തിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ലഭ്യമാക്കിയ മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രാദേശിക സംവിധാനങ്ങൾക്ക് ചെലവായ തുക ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്ന് ബോധ്യപ്പെട്ട് അംഗീകരിച്ച ശേഷം '2245-02-101-94-വെള്ളപ്പൊക്കം - പലവക ചെലവുകൾ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

### 3. വകുപ്പുകളുടെ സ്വന്തം വാഹന വിനിയോഗം

വിവിധ വകുപ്പുകൾ ദുരന്ത പ്രതികരണം, ദുരിതാശ്വാസം എന്നിവയ്ക്കായി അവരവരുടെ വാഹനം ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും ഉപയോഗിച്ചിട്ടുണ്ട്.

ഇത്തരത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ച വാഹനങ്ങൾക്ക് ചെലവായ ഇന്ധനം, പ്രളയ മേഖലയിലും, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ മേഖലയിലും ഉപയോഗിച്ചതിനാൽ ഉണ്ടായിട്ടുള്ള അറ്റകുറ്റ പണി എന്നിവയ്ക്കായി ചെലവാകുന്ന തുകയും അതാത് വകുപ്പുകളുടെ ജില്ലാ മേധാവികൾ പ്രത്യേകമായി തയ്യാറാക്കി അതാത് വകുപ്പിന്റെ സംസ്ഥാന മേധാവിക്ക് സമർപ്പിക്കണം.

ഇത്തരത്തിൽ ലഭിക്കുന്ന ബില്ലുകൾ ക്രോഡീകരിച്ച് സംസ്ഥാന തലത്തിൽ അതാത് വകുപ്പുകളുടെ മേധാവികൾ വകുപ്പ് സെക്രട്ടറി മുഖാന്തരം വ്യക്തമായ ശിപാർശയോടെ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിക്കുക.

ഈ ശിപാർശകൾ പരിഗണിച്ച് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ (SEC) തീരുമാനത്തിന് വിധേയമായി അതാത് സ്ഥാപനങ്ങൾ ആവശ്യപ്പെട്ട തുകയിൽ അംഗീകരിക്കപ്പെടുന്ന തുക വകുപ്പിന് ലഭ്യമാക്കും.

### 4. സിവിൽ സപ്ലൈസ്, സപ്ലൈകോ, ഹോർട്ടിക്കോർപ്പ്, മത്സ്യഫെഡ്, കെപ് കോ

ദുരിതാശ്വാസ ക്യാമ്പുകളിൽ Civil Supplies, SupplyCo, HortiCorp, Mathsyafed, KEPCO എന്നീ സ്ഥാപനങ്ങൾ, ക്യാമ്പുകളിൽ വിതരണം ചെയ്ത പലചരക്ക്, പച്ചക്കറി, മത്സ്യം, മാംസം, കുടിവെള്ളം എന്നിവയ്ക്ക് കേന്ദ്രീകൃതമായി സംസ്ഥാന തലത്തിൽ ഒറ്റ സ്രോതസ്സിൽ നിന്നായിരിക്കും തുക വിതരണം ചെയ്യുക.

ഇത്തരം ബില്ലുകളും അതാത് ജില്ലയിൽ ക്രോഡീകരിച്ച് Civil Supplies, SupplyCo, HortiCorp, Mathsyafed, KEPCO എന്നീ സ്ഥാപനങ്ങളുടെ ജില്ലാ മേധാവികൾ പരിശോധിച്ച് ജില്ലാ കളക്ടർക്ക് നല്കുക. ജില്ലാ കളക്ടർ മേൽ പരിശോധന നടത്തി അംഗീകരിച്ച്, അംഗീകരിച്ച തുക സംബന്ധിച്ച കത്തും, ബില്ലുകളുടെ കോപ്പി സഹിതം മേൽ സ്ഥാപനങ്ങളുടെ ജില്ലാ മേധാവികൾക്ക് നൽകുക. അംഗീകരിച്ച ബില്ലുകളുടെ ഒറിജിനൽ ജില്ലാ കളക്ടറേറ്റിൽ സൂക്ഷിക്കുക. ജില്ലാ കളക്ടർ മേൽ പരിശോധന നടത്തി അംഗീകരിച്ച ബില്ലുകൾ ഈ സ്ഥാപനങ്ങളുടെ ജില്ലാ മേധാവികൾ അവരവരുടെ സംസ്ഥാന കാര്യാലയത്തിന് നൽകുക.

ഇത്തരത്തിൽ ലഭിക്കുന്ന ബില്ലുകൾ ക്രോഡീകരിച്ച് സംസ്ഥാന തലത്തിൽ അതാത് സ്ഥാപനങ്ങളുടെ സംസ്ഥാന മേധാവികൾ വകുപ്പ് സെക്രട്ടറി മുഖാന്തരം വ്യക്തമായ ശിപാർശയോടെ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിക്കുക. ഈ ശിപാർശകൾ പരിഗണിച്ച് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ (SEC) തീരുമാനത്തിന് വിധേയമായി അതാത് സ്ഥാപനങ്ങൾ ആവശ്യപ്പെട്ട തുകയിൽ അംഗീകരിക്കപ്പെടുന്ന തുക അതാത് സ്ഥപനത്തിൻറെ സംസ്ഥാന മേധാവിക്ക് ലഭ്യമാക്കും.

### 5. തദ്ദേശ സ്വയംഭരണ/ പൊതുമരാമത്ത് വകുപ്പ് in Proforma B MC19-004

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉള്ള നാശനഷ്ടം നേരിട്ട റോഡ് (ദൂരം കിലോമീറ്ററിൽ), കെട്ടിടങ്ങൾ (അങ്കണവാടി, ആശുപത്രി, ക്ലിനിക്ക്, സ്കൂൾ, കമ്മ്യൂണിറ്റി ഹാൾ) എന്നിവയുടെ ജില്ല തിരിച്ചുള്ള ക്രോഡീകരിച്ച എണ്ണം സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം നേരിട്ട് വകുപ്പ് സെക്രട്ടറി മുഖാന്തിരം വ്യക്തമായ ശിപാർശയോടെ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിക്കുക.

ചെളി കയറിയതിനാൽ ബാധിക്കപ്പെട്ട പൊതു ഇടങ്ങൾ വൃത്തിയാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് വാർഡ് ഒന്നിന് 50,000 രൂപ, മുനിസിപ്പാലിറ്റി വാർഡ് ഒന്നിന് 75,000 രൂപ, കോർപ്പറേഷൻ വാർഡ് ഒന്നിന് 1,00,000 രൂപ എന്ന നിരക്കിൽ അധികരിക്കാതെ, ചെലവായ തുകയോ, മേൽ സൂചിപ്പിച്ച നിരക്കോ, ഏതാണോ കുറവ്, അത് അനുവദിക്കുന്നതാണ്. പ്രളയ ബാധിതമായി പ്രഖ്യാപിച്ച വില്ലേജുകളിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഈ തുക അനുവദിക്കുക.

പൊതുഇടങ്ങളിൽ കയറിയ പ്രളയജലം വറ്റിക്കുവാൻ തദ്ദേശ സ്ഥാപനത്തിന്റെ

മേഖലയിൽ ചെലവായ തുക, ജലസേചന വകുപ്പിന്റെ എഞ്ചിനീയരുടെ പരിശോധനയോടും അംഗീകാരത്തോടും കൂടി അതാത് കരാർക്കാരന്/സൊസൈറ്റിയ്ക്ക് നൽകാവുന്നതാണ്. (കൃഷി ഇടത്തിലെ വെള്ളം വറ്റിക്കുവാൻ ചെലവായ തുക ലഭ്യമാക്കുവാൻ കൃഷി വകുപ്പിനുള്ള നിർദേശം പ്രത്യേകമായി ചുവടെ ചേർത്തിട്ടുണ്ട്).

ചെലവായ തുക കൃത്യമായി ജില്ലയും, തദ്ദേശ സ്ഥാപനവും തിരിച്ച് തയ്യാറാക്കി തദ്ദേശ സ്വയംഭരണ പഞ്ചായത്ത്, നഗരകാര്യ വകുപ്പ് ഡയറക്ടർമാർ, വകുപ്പ് സെക്രട്ടറി മുഖാന്തരം വ്യക്തമായ ശിപാർശയോടെ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിക്കുക.

ഈ ശിപാർശകൾ പരിഗണിച്ച് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ (SEC) തീരുമാനത്തിന് വിധേയമായി, ആവശ്യപ്പെട്ട തുകയിൽ അംഗീകരിക്കപ്പെടുന്ന തുക വകുപ്പിന് ലഭ്യമാക്കും.

### 6. പൊതുമരാമത്ത് വകുപ്പ്

നാശനഷ്ടം നേരിട്ട പി.ഡബ്ല്യൂഡി റോഡ് (ദൂരം കിലോമീറ്ററിൽ), പാലം (എണ്ണം) എന്നിവയുടെ ജില്ല തിരിച്ചുള്ള ക്രോഡീകരിച്ച കണക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം നേരിട്ട് വകുപ്പ് സെക്രട്ടറി മുഖാന്തിരം വ്യക്തമായ ശിപാർശയോടെ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിക്കുക.

ഈ ശിപാർശകൾ പരിഗണിച്ച് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ (SEC) തീരുമാനത്തിന് വിധേയമായി, ആവശ്യപ്പെട്ട തുകയിൽ അംഗീകരിക്കപ്പെടുന്ന തുക വകുപ്പിന് ലഭ്യമാക്കും.

### 7. കൃഷി വകുപ്പ്

സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം ഉള്ള ദുരിതാശ്വാസ സഹായം കണക്കാക്കി നിശ്ചിത ഫോർമാറ്റിൽ കൃഷി ഡയറക്ടർ, വകുപ്പ് സെക്രട്ടറി മുഖാന്തരം വ്യക്തമായ ശിപാർശയോടെ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിക്കുക.

പ്രളയ ജലം കയറിയ കൃഷി ഇടങ്ങളിൽ നിന്നും ജലം പുറത്ത് കളയുവാൻ കർഷകന്/കർഷക സൊസൈറ്റിക്ക് ചെലവായ തുക കണക്കാക്കി പ്രസ്തുത തുക വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്ന ഫോർമാറ്റിൽ കൃഷി ഡയറക്ടർ, വകുപ്പ് സെക്രട്ടറി മുഖാന്തിരം വ്യക്തമായ ശിപാർശയോടെ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിക്കുക.

| Sl. No | ജില്ല | വില്ലേജ് | ചെലവായ തുക |
| --- | --- | --- | --- |
| | | | |

ഈ ശിപാർശകൾ പരിഗണിച്ച് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ (SEC) തീരുമാനത്തിന് വിധേയമായി, ആവശ്യപ്പെട്ട തുകയിൽ അംഗീകരിക്കപ്പെടുന്ന തുക വകുപ്പിന് ലഭ്യമാക്കും.

### 8. ഫിഷറീസ് വകുപ്പ്

സംസ്ഥാന ദുരന്ത പ്രതികരണ് നിധിയുടെ മാനദണ്ഡം പ്രകാരം ഉള്ള ദുരിതാശ്വാസ

സഹായം കണക്കാക്കി നിശ്ചിത ഫോർമാറ്റിൽ ഫിഷറീസ് ഡയറക്ടർ, വകുപ്പ് സെക്രട്ടറി മുഖാന്തരം വ്യക്തമായ ശിപാർശയോടെ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിക്കുക.

മത്സ്യ തൊഴിലാളികളുടെ ബോട്ടുകൾ രക്ഷാ പ്രവർത്തനത്തിന് ഉപയോഗിച്ചിട്ടുണ്ട് എങ്കിൽ പ്രസ്തുത ബോട്ടുകൾക്ക് അറ്റകുറ്റ പണി ആവശ്യമായി വരുന്നെങ്കിൽ ഏത് പ്രദേശത്ത് നിന്നാണോ ബോട്ട് ഉപയോഗത്തിനായി കൊണ്ടുപോയത് പ്രസ്തുത പ്രദേശത്തെ ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് അതതു പ്രദേശത്തെ ബോട്ട് റിപ്പയർ ചെയ്യുന്ന യാർഡിൽ നല്കി റിപ്പയർ ചെയ്യുകയും, ഇതിനായി ചെലവായ തുക ചുവടെ ചേർക്കുന്ന ഫോർമാറ്റിൽ തയ്യാറാക്കി ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യുക. ഫിഷറീസ് ഡയറക്ടർ, വകുപ്പ് സെക്രട്ടറി മുഖാന്തരം വ്യക്തമായ ശിപാർശയോടെ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിക്കുക.

| Sl. No | ബോട്ടിൻറെ റജിസ്ട്രേഷൻ നമ്പർ | ഉടമയുടെ പേരും വിലാസവും, ആധാർ നമ്പരും | ചെലവായ തുക |
|---|---|---|---|
| | | | |

ഈ ശിപാർശകൾ പരിഗണിച്ച് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ (SEC) തീരുമാനത്തിന് വിധേയമായി, ആവശ്യപ്പെട്ട തുകയിൽ അംഗീകരിക്കപ്പെടുന്ന തുക വകുപ്പിന് ലഭ്യമാക്കും.

### 9. ജലസേചന വകുപ്പ്, കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി

സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം ഉള്ള ദുരിതാശ്വാസ സഹായം കണക്കാക്കി നിശ്ചിത ഫോർമാറ്റിൽ വകുപ്പ് മേധാവി, വകുപ്പ് സെക്രട്ടറി മുഖാന്തിരം വ്യക്തമായ ശിപാർശയോടെ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിക്കുക.

ഈ ശിപാർശകൾ പരിഗണിച്ച് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ (SEC) തീരുമാനത്തിന് വിധേയമായി, ആവശ്യപ്പെട്ട തുകയിൽ അംഗീകരിക്കപ്പെടുന്ന തുക വകുപ്പിന് ലഭ്യമാക്കും.

### 10. മൃഗ സംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്

സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം ഉള്ള ദുരിതാശ്വാസ സഹായം കണക്കാക്കി നിശ്ചിത ഫോർമാറ്റിൽ വകുപ്പ് മേധാവി, വകുപ്പ് സെക്രട്ടറി മുഖാന്തരം വ്യക്തമായ ശിപാർശയോടെ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയ്ക്ക് സമർപ്പിക്കുക.

ഈ ശിപാർശകൾ പരിഗണിച്ച് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ (SEC) തീരുമാനത്തിന് വിധേയമായി, ആവശ്യപ്പെട്ട തുകയിൽ അംഗീകരിക്കപ്പെടുന്ന തുക വകുപ്പിന് ലഭ്യമാക്കും.

മേൽ നിർദ്ദേശപ്രകാരം അതത് വകുപ്പുകൾ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമേശൻ.എം.കെ**

**അഡീഷണല് സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.
ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി
ചെയർമാൻ , കേരള വാട്ടർ അതോറിറ്റി
മാനേജിംഗ് ഡയറക്ടർ, സിവിൽ സപ്ലൈസ്/സപ്ലൈക്കോ/ഹോർട്ടിക്കോർപ്പ്/മത്സ്യഫെഡ്/കെപ് കോ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :-റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
പൊതുമാരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
കൃഷി ,മൃഗ സംരക്ഷണ, ക്ഷീര വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
ജല വിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
ഗതാഗത വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതുമാരാമത്ത് വകുപ്പ്
കൃഷി ,മൃഗ സംരക്ഷണ, ക്ഷീര വികസന വകുപ്പ്
ജല വിഭവ വകുപ്പ്
ഊർജ്ജ വകുപ്പ്
മത്സ്യബന്ധന വകുപ്പ്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ